സൗജന്യ നേത്ര പരിശോധനയും തിമിര നിർണയ ക്യാമ്പും

പാങ്ങപ്പാറ: പാങ്ങപ്പാറ ശ്രീനാരായണ ഗുരുമന്ദിരത്തിന്റെയും അഹല്യാ ഫൗണ്ടേഷൻ കണ്ണാശുപത്രിയുടെയും നേതൃത്വത്തിൽ സൗജന്യ നേത്ര പരിശോധനയും തിമിര നിർണയ ക്യാമ്പും നടക്കും. നാളെ രാവിലെ 9.30 മുതൽ 1 മണിവരെ ഗുരുമന്ദിരം ഓഡിറ്റോറിയത്തിൽ നടക്കുന്ന ക്യാമ്പ് സ്വാമി ശുഭാംഗാനന്ദ ഉദ്ഘാടനം ചെയ്യുമെന്ന് ഗുരുമന്ദിരം പ്രസിഡന്റ് എസ്. വിക്രമൻ, ജനറൽ സെക്രട്ടറി ബി. സദാശിവൻ എന്നിവർ അറിയിച്ചു.

കുട്ടികളിലെ ജനിതക വൈകല്യം; ദേശീയ സമ്മേളനം ഇന്ന് മുതൽ

തിരുവനന്തപുരം: കുട്ടികളെ ബാധിക്കുന്ന ജനിതക രോഗങ്ങളെക്കുറിച്ചുള്ള ദേശീയ സമ്മേളനത്തിന് ഇന്ന് തുടക്കമാകും. മസ്കറ്റ് ഹോട്ടലിൽ വൈകുന്നേരം 6ന് നടക്കുന്ന സമ്മേളനം മന്ത്രി കെ.കെ. ശൈലജ ഉദ്ഘാടനം ചെയ്യും. മെഡിക്കൽ കോളേജ് ശിശുരോഗ വിഭാഗവും ചൈൽഡ് ഡെവലപ്മെന്റ് സെന്ററും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

ഇന്ത്യയിലേയും അമേരിക്കയിലേയും ഡോക്ടർമാർ ചേർന്നുള്ള ഈ സംയുക്ത സംരംഭത്തിൽ ജപ്പാൻ, അയർലാന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള 150 ഓളം ഡോക്ടർമാരും ശാസ്ത്രജ്ഞന്മാരും പങ്കെടുക്കും. സമ്മേളനം 10ന് സമാപിക്കും.

തപാൽ അദാലത്ത്

തിരുവനന്തപുരം: സൗത്ത് പോസ്റ്റൽ ഡിവിഷനിലെ തപാൽ അദാലത്ത് ഡിസംബർ 22ന് വെകിട്ട് 3ന് തിരുവനന്തപുരം സൗത്ത് ഡിവിഷൻ ഓഫീസിൽ നടക്കും. ഡിവിഷനിലെ തപാൽ സേവനത്തെ സംബന്ധിച്ച പരാതികൾ അദാലത്തിൽ നൽകാം. പരാതികൾ ഡിസംബർ 15ന് മുമ്പ് ലഭിക്കണം. ബി പദ്മകുമാർ, സൂപ്രണ്ട് ഓഫ് പോസ്റ്റോഫീസ്, തിരുവനന്തപുരം സൗത്ത് ഡിവിഷൻ, തിരുവനന്തപുരം-695036 എന്ന വിലാസത്തിൽ അയക്കണം. കവറിന് മുകളിൽ തപാൽ അദാലത്ത് എന്ന് രേഖപ്പെടുത്തണം.

സൗജന്യ മെഡിക്കൽ ക്യാമ്പ് 10 ന്

തിരുവനന്തപുരം: ലയൺസ് ക്ലബ് ഓഫ് ട്രിവാൻഡ്രം കവടിയാറിന്റെ ആഭിമുഖ്യത്തിൽ സൗജന്യവൈദ്യ പരിശോധനയും കാൻസർ നിർണയ ക്യാമ്പും 10 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ ഞാറനീലി കാണി യു.പി. സ്കൂളിൽ നടക്കും. തിരുവനന്തപുരം ആർ.സി.സി.യുടെ സഹകരണത്തോടെയാണിത് നടത്തുന്നത്. സൗജന്യനിരക്കിൽ തിമിര ശസ്ത്രക്രിയയും കണ്ണട വിതരണവും ഇതോടൊപ്പം നടത്തും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക് മാത്രമായിരിക്കും കാൻസർ നിർണ്ണയ പരിശോധന നടത്തുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ. 94400739807, 9447525330.

മോണോ ആക്ട് മത്സരം നാളെ

തിരുവനന്തപുരം: 'കളത്തിന്റെ' ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന മോണോ ആക്ട് മത്സരം (ഏകാഭിനയക്കളം) നാളെ രാവിലെ നാളെ മുതൽ ഈഞ്ചക്കൽ- കോവളം ബൈപ്പാസ് റോഡ് ജി.കെ ജംഗ്ഷനിലുള്ള കളം- അഭിനവക്ഷേത്ര ക്യാമ്പസിൽ നടക്കും. താത്പര്യമുള്ളവർ 0471- 2464077, 9447164321 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടണം.

സുവിശേഷ യോഗവും ഉപവാസ പ്രാർത്ഥനയും

പേരൂർക്കട: കാഞ്ഞിരംകുളം നന്ദൻനഗർ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ 21 ദിവസത്തെ ഉപവാസ പ്രാർത്ഥനയും സുവിശേഷ യോഗവും നടത്തും. 11 മുതൽ 31 വരെ രാവിലെ 10 മുതൽ രാത്രി 9 മണിവരെയാണ് ചടങ്ങ്. 11 ന് സുവിശേഷ യോഗത്തിന്റെ ഉദ്ഘാടനം പാസ്റ്റർ പി.കെ. ജോസ് നിർവഹിക്കും.

വാർഷികവും കുടുംബസംഗമവും

തിരുവനന്തപുരം : കേന്ദ്ര പൊതുമരാമത്ത് വകുപ്പിൽ നിന്നും വിരമിച്ചവരുടെ സംഘടനയായ സി.പി.ഡബ്ല്യു.ഡി. പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷന്റെ വാർഷികവും കുടുംബസംഗമവും ഡിസംബർ ഒൻപതിന് നടക്കും. കിഴക്കേക്കോട്ട പാർക്ക് രാജധാനി ഓഡിറ്റോറിയത്തിൽ രാവിലെ 10 ന് ആരംഭിക്കുന്ന ചടങ്ങിൽ ചീഫ് എൻജിനീയർമാരായ ഭഗത്സിംഗ്, ഉണ്ണികൃഷ്ണ പണിക്കർ എന്നിവർ പങ്കെടുക്കും. വിശദവിവരങ്ങൾക്ക് ഫോൺ : 9447890044, 9400730780

പരിഹാരബോധനം പദ്ധതി

തിരുവനന്തപുരം: പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാനുള്ള പരിഹാരബോധനം പദ്ധതിയുടെ ഉദ്ഘാടനം കാർത്തിക തിരുനാൾ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ മേയർ വി.കെ. പ്രശാന്ത് നിർവഹിച്ചു. വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എസ്. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷതവഹിച്ചു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, ആർ. മിനി, വഞ്ചിയൂർ ബാബു, കെ. ശിവകുമാർ, സഫീദാബീഗം, ആർ. സതീഷ്കുമാർ, സിമി ജ്യോതിഷ്, എസ്. അജിത്കുമാർ എന്നിവർ പ്രസംഗിച്ചു.

നൈപുണ്യ പദ്ധതി നടപ്പിലാക്കണം

തിരുവനന്തപുരം: ആർട്ടിസാൻസുകൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമായ പ്രഖ്യാപിച്ച നൈപുണ്യ വികസന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്ന് ബി.ജെ.പി ആർട്ടിസാൻസ് സെൽ സംസ്ഥാന കൺവീനർ സതീഷ് ടി. പത്മാനാഭൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു,

ആധാർ ഫോൺ ലിങ്കിംഗ് മേള 9 ന്

തിരുവനന്തപുരം: ബി.എസ്.എൻ.എൽ വെള്ളയമ്പലം എക്സ്ചേഞ്ചിൽ 9 ന് മൊബൈൽ ഫോണും ആധാറും തമ്മിൽ ബന്ധിപ്പിക്കുന്നതിന് മേള നടത്തും. രാവിലെ 9 മുതൽ രാത്രി 9 വരെയാണ് പരിപാടി. മറ്റ് മൊബൈൽ ഫോൺ വരിക്കാർക്ക് നമ്പർ നഷ്ടപ്പെടാതെ ബി.എസ്.എൻ.എല്ലിലേക്ക് സൗജന്യമായി മാറുന്നതിനും പുതിയ ലാൻഡ് ലൈൻ, ബ്രോഡ്ബാൻഡ് സേവനങ്ങൾ ബുക്ക് ചെയ്യാനും മേളയിൽ സൗകര്യമുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447102277

കേരള മദ്യ നിരോധന സമിതി

തിരുവന്തപുരം: കേരള മദ്യ നിരോധന സമിതി ജില്ലാ ഭാരവാഹികളായി ഷൈലജ (പ്രസിഡന്റ്), ഉഷാകുമാരി (വൈസ് പ്രസിഡന്റ്), ജയന്തി (ജനറൽ സെക്രട്ടറി), അംബിക (ജോയിന്റ് സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

ലയന സമ്മേളനം പ്രഹസനമെന്ന് കെ.പി.എം.എസ്

തിരുവനന്തപുരം: കെ.പി.എം.എസ് ലയനസമ്മേളനമെന്ന പേരിൽ 3 ന് നടന്ന പരിപാടി പ്രഹസനമാണെന്ന് കെ.പി.എം.എസ് ജില്ലാ സെക്രട്ടറി ചെറുവയ്ക്കൽ അർജ്ജുനൻ പറഞ്ഞു. ഏഴ് വർഷം മുമ്പ് പുന്നല ശ്രീകുമാർ നടപടിയെടുത്ത് പുറത്താക്കിയ വെള്ളാർ സുരേന്ദ്രനെയും കെ.പി.എം.എസ് ഓഫീസ് തകർത്തതിന് പുറത്താക്കപ്പെട്ട മുടവൂർപ്പാറ ചെല്ലപ്പനെയും ഏതാനും പേരെയും കൂട്ടുപിടിച്ച് ലയനസമ്മേളനമെന്ന പേരിൽ പരിപാടി നടത്തി പ്രവർത്തകരെ വഞ്ചിക്കുകയാണെന്ന് അർജ്ജുനൻ കുറ്റപ്പെടുത്തി.

തീരാത്ത കാത്തിരിപ്പിൽ തീരം

തിരുവനന്തപുരം: ഓഖി ചുഴലിക്കാറ്റ് തീരങ്ങളിൽ ആഞ്ഞടിച്ചിട്ട് ആഴ്ച ഒന്ന് കഴിഞ്ഞിട്ടും ദുരിതങ്ങൾ അവസാനിക്കുന്നില്ല. കടലിൽ പോയി കാണാതായവരെ കുറിച്ചോ അവർ എവിടെയാണെന്നോ ഇപ്പോഴും ആർക്കും ഒരറിവുമില്ല. കാണാതായവർക്കായി ബന്ധുക്കളും തീരദേശവാസികളും രാവും പകലുമില്ലാതെ തിരച്ചിലിലാണ്. പൂവാർ, പുല്ലുവിള, തീരത്തു നിന്നു മാത്രം 33 പേരെയാണ് ഇനിയും കണ്ടെത്താനുള്ളത്.

കണക്കിൽ തീർച്ചയില്ലാതെ ജില്ലാ ഭരണകൂടം

ഓഖി ചുഴലിയിൽപ്പെട്ട് കടലിൽ കാണാതായ തിരുവനന്തപുരം സ്വദേശികൾ എത്രയെന്ന കണക്ക് ജില്ലാ ഭരണകൂടത്തിന് തീർച്ചയില്ല. നേരത്തേ 96 എന്ന് പറഞ്ഞിരുന്നത് ഇന്നലെയായപ്പോൾ 97 ആയി. രണ്ട് മൃതദേഹങ്ങൾ വൈകിട്ടോടെ വിഴിഞ്ഞത്ത് എത്തിച്ചു. തിരിച്ചറിയാൻ സാധിക്കാത്ത മൃതദേഹങ്ങൾ മെഡിക്കൽ കോളേജ് മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

കുഴിത്തുറയിൽ പ്രതിഷേധം: ട്രെയിൻ ഗതാഗതം തടസപ്പെട്ടു

ചുഴലിക്കാറ്റിൽ പെട്ട് കടലിൽ പെട്ടവരെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങളും സഹായധനവും ആവശ്യപ്പെട്ട് കുഴിത്തുറയിൽ ജനങ്ങൾ പ്രതിഷേധ സമരം നടത്തിയതിനെ തുടർന്ന് ഇന്നലെ തിരുവനന്തപുരം - നാഗർകോവിൽ റൂട്ടിൽ ട്രെയിൻ ഗതാഗതം തടസപ്പെട്ടു. കന്യാകുമാരി - കൊല്ലം, കൊച്ചുവേളി - നാഗർകോവിൽ പാസഞ്ചറുകൾ ഇന്നലെ സർവീസ് നടത്തിയില്ല.

തിരുച്ചിറപ്പള്ളി - തിരുവനന്തപുരം ഇന്റർസിറ്റി, കൊല്ലം - കന്യാകുമാരി മെമു, നാഗർകോവിൽ - കോട്ടയം പാസഞ്ചർ, ബാംഗ്ലൂർ - കന്യാകുമാരി എക്സ്പ്രസ് തുടങ്ങിയ ട്രെയിനുകൾ തിരുവനന്തപുരത്തിനും - നാഗർകോവിലിനുമിടയിൽ ഇന്നലെ സർവീസ് നടത്തിയില്ല.

കടൽക്ഷോഭത്തിൽപ്പെട്ട് കാണാതായവരുടെ കുട്ടികൾ വിഴിഞ്ഞം പള്ളിയിൽ തളർന്നുറങ്ങുന്നു

ഉൾക്കടലിൽ നിന്ന് കിട്ടിയ രണ്ട് മൃതദേഹങ്ങളുമായി തീരസംരക്ഷണ സേനയുടെ കപ്പൽ ഇന്നലെ രാത്രി വിഴിഞ്ഞത്ത് എത്തിയപ്പോൾ

യു.ഡി.എഫ് സംഘം തീരദേശം സന്ദർശിച്ചു

തിരുവനന്തപുരം: ഓഖി ചുഴലിക്കാറ്റിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട വിഴിഞ്ഞത്തെയും പൂന്തുറയിലെയും മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളെ യു.ഡി.എഫ് പ്രതിനിധി സംഘം സന്ദർശിച്ചു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ഉമ്മൻചാണ്ടി, പി.കെ. കുഞ്ഞാലിക്കുട്ടി എം.പി, കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ, എം.എൽ.എമാരായ അനൂപ് ജേക്കബ്, വി.എസ്. ശിവകുമാർ, എം. വിൻസെന്റ് എന്നിവർ സംഘത്തിന് നേതൃത്വം നൽകി. ആദ്യം പൂന്തുറ സെന്റ് തോമസ് പള്ളിയിൽ എത്തി വികാരി ഫാ. ജസ്റ്റിൻ ജുഡുമായിക്കൂടിക്കാഴ്ചയ്ക്കുശേഷം കടലിൽ ബന്ധുക്കളെ നഷ്ടപ്പെട്ടവരെ സന്ദർശിച്ചു.

ഇടവക തയ്യാറാക്കിയ കാണാതായവരുടെ ലിസ്റ്റ് ചർച്ച് ഭാരവാഹികൾ ഉമ്മൻചാണ്ടിക്ക് കൈമാറി. 'നാളെ വരെ കാത്തിരിക്കൂ, പരിഹാരമുണ്ടാകും, നിങ്ങളുടെ ആവശ്യങ്ങൾ സർക്കാരിനെ കൊണ്ട് അംഗീകരിപ്പിക്കും' എന്ന് പ്രതിപക്ഷ നേതാവ് കുടുംബാംഗങ്ങൾക്ക് ഉറപ്പ നൽകി. ഉറ്റവരും ഉടയവരും മടങ്ങിയെത്തുന്നതുവരെ ഈ തീരത്തുതന്നെ തങ്ങളുണ്ടാകുമെന്ന് ഉമ്മൻചാണ്ടി പറഞ്ഞു.

കുടുംബനാഥനെ നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനോടൊപ്പം കുടുംബാംഗങ്ങൾക്ക് സർക്കാർ ജോലി നൽകണം, വിദ്യാഭ്യാസച്ചെലവ് പൂർണമായും സർക്കാർ വഹിക്കണം, ക്ഷേമനിധി ബോർഡിലും മത്സ്യഫെഡിലും അംഗങ്ങളല്ലാത്തവർക്കും സർക്കാർ പ്രഖ്യാപിച്ച തുക ലഭ്യമാക്കണം തുടങ്ങിയ ആവശ്യങ്ങളാണ് കുടുംബങ്ങൾ പ്രധാനമായും ഉന്നയിച്ചത്. ഇക്കാര്യങ്ങൾ ഇന്ന് നടക്കുന്ന സർവകക്ഷിയോഗത്തിൽ അവതരിപ്പിക്കുമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉറപ്പുനൽകി. ഡോ. വർഗീസ് ജോർജ്, എ.എ. അസീസ്, ജോണി നെല്ലൂർ, സി.പി. ജോൺ, റാം മോഹൻ, ടി. ശരത്ചന്ദ്രപ്രസാദ്, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, കെ.പി.സി.സി സെക്രട്ടറിമാരായ വിജയൻ തോമസ്, പഴകുളം മധു, യു.ഡി.എഫ് ജില്ലാ കൺവീനർ ബീമാപള്ളി റഷീദ് തുടങ്ങിയവരും സംഘത്തിലുണ്ടായിരുന്നു.

കടൽ ക്ഷോഭത്തിൽ പെട്ട് മരണപ്പെട്ടവരുടെയും കാണാതായവരുടെയും കുടുംബങ്ങളെ കാണാനെത്തിയ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സംസാരിക്കുന്നു. ഉമ്മൻചാണ്ടി, പി. കെ. കുഞ്ഞാലിക്കുട്ടി. എം. പി, കെ. പി. സി. സി പ്രസിഡന്റ് എം. എം. ഹസൻ, വി. എസ്. ശിവകുമാർ എം. എൽ. എ, അനൂപ് ജേക്കബ് എന്നിവർ സമീപം

തീരം ശുചീകരിക്കുന്നു

തിരുവനന്തപുരം: ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് മാലിന്യക്കൂമ്പാരമായ തീരദേശം നഗരസഭ ഇന്ന് ശുചീകരിക്കുന്നു. കടലിലേക്ക് പ്ലാസ്റ്റിക് കവറുകളിലും ചാക്കുകളിലും കെട്ടി വലിച്ചെറിഞ്ഞതും ജലാശയങ്ങളിലൂടെ എത്തിയതുമായ മാലിന്യങ്ങൾ, കട്ടകൾ, പഴയ വലകൾ മുതലായവ തീരത്തടിഞ്ഞിരിക്കുകയാണ്.

ചേരിയാമുട്ടം മുതൽ വിഴിഞ്ഞം വരെയുള്ള പ്രദേശത്ത് അടിഞ്ഞ മാലിന്യങ്ങളാണ് ശുചീകരണത്തിലൂടെ നീക്കുന്നത്. നഗരസഭാ ഹെൽത്ത് വിഭാഗത്തിലെ 15 ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ 250 തൊഴിലാളികളെ ഗ്രൂപ്പുകളായി വിന്യസിക്കുന്നതാണ്. മേയർ വി.കെ.പ്രശാന്ത്, ഡെപ്യൂട്ടിമേയർ രാഖി രവികുമാർ എന്നിവർ നേതൃത്വം നൽകും. സന്നദ്ധ പ്രവർത്തകരും പങ്കെടുക്കണമെന്ന് മേയർ അഭ്യർത്ഥിച്ചു.

സാന്ത്വനവുമായി നഴ്സുമാർ

തിരുവനന്തപുരം: ഓഖി ചുഴലിക്കാറ്റ് ദുരിതം വിതച്ച മത്സ്യത്തൊഴിലാളികൾക്ക് സാന്ത്വനവുമായി നഴ്സുമാരെത്തി. വിഴിഞ്ഞം, അടിമലത്തുറ, പൂവാർ തീരങ്ങളിലെ വീടുകളിലെത്തി ആശ്വസിപ്പിച്ചതിനൊപ്പം മരുന്നും അരിയും മറ്റ് നിത്യോപയോഗ സാധനങ്ങളും നൽകി.

കെ.ജി.എൻ.എ തിരുവനന്തപുരം ഈസ്റ്റ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലായിരുന്നു നഴ്സുമാരുടെ സന്ദർശനം. രോഗികളെ പരിശോധിക്കുന്നതിന് ഡോക്ടർമാരുടെ സംഘവുമുണ്ടായിരുന്നു. നഴ്സസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ടി. സുബ്രഹ്മണ്യൻ, സെക്രട്ടറി നിഷാ ഹമീദ്, പ്രദീപ്കുമാർ, ഹമീദ് എസ്.എ, സുഷ്മ, കൃഷ്ണ.എ.എസ്, പ്രീതാകൃഷ്ണൻ, ആശ, അജിതാ റാണി, ഷർമ്മിള തുടങ്ങിയവർ നേതൃത്വം നൽകി.

നഗരസഭയിലെ വിവാഹ രജിസ്ട്രേഷൻ ഇനി 'ലൈവ്'

തിരുവനന്തപുരം: നഗരസഭയിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ കിയോസ്ക് മേയർ വി.കെ. പ്രശാന്ത് ഉദ്ഘാടനം ചെയ്തു. ഇന്നലെ വിവാഹിതരായ വിനോദ്കുമാർ - ശ്രീജ, നന്ദു - രാധിക എന്നീ ദമ്പതികൾ മേയറിൽ നിന്ന് വിവാഹ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

നഗരപരിധിയിലെ കല്യാണ മണ്ഡപങ്ങൾ, ആരാധനാലയങ്ങൾ, നഗരസഭയുടെ ആശുപത്രി കിയോസ്ക് പരിപാലിക്കുന്ന കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്നാണ് പദ്ധതി ആരംഭിച്ചത്. ഇതിലൂടെ നഗരസഭാതിർത്തിയിൽ നടക്കുന്ന വിവാഹങ്ങൾ അതതു ദിവസം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകാം. വിവാഹം നടക്കുന്ന സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്യണം. ഇതിനായി കല്യാണ മണ്ഡപങ്ങളും ആരാധനാലയങ്ങളും പ്രത്യേകം അപേക്ഷാഫാറം നൽകണം.

നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കല്യാണമണ്ഡപങ്ങളെ കിയോസ്കുമായി ബന്ധിപ്പിക്കും. വിവാഹം ബുക്ക് ചെയ്യുമ്പോൾ തന്നെ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാഫാറം മണ്ഡപത്തിൽ നിന്ന് ലഭിക്കും. പൂരിപ്പിച്ച ഫാറം ആവശ്യമായ രേഖകളും നിശ്ചിത ഫീസുമടക്കം മണ്ഡപത്തിന് കൈമാറണം. നഗരസഭയുടെ കിയോസ്ക് എക്സിക്യൂട്ടിവ് രേഖകൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റും. വിവാഹ ദിവസം കിയോസ്ക് എക്സിക്യൂട്ടിവ് മണ്ഡപത്തിലെത്തിക്കുന്ന റിപ്പോർട്ട് വധൂവരൻമാർ പരിശോധിച്ച് ഒപ്പിട്ട് നൽകണം. വിവാഹശേഷം മണ്ഡപത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം ഭാര്യാ ഭർത്താക്കൻമാർ നഗരസഭാ ഓഫീസിലെത്തി രജിസ്റ്ററിൽ ഒപ്പിട്ടാൽ ഉടൻ സർട്ടിഫിക്കറ്റ് കൈമാറും. നഗരസഭാ വെബ് സൈറ്റിൽ നിന്ന് വീണ്ടും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് പ്രിന്റെടുക്കാം.

നഗരസഭാങ്കണത്തിൽ നടന്ന ചടങ്ങിൽ ഡെപ്യൂട്ടിമേയർ രാഖി രവികുമാർ അദ്ധ്യക്ഷത വഹിച്ചു. ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. ശ്രീകുമാർ സ്വാഗതം പറഞ്ഞു. കൗൺസിലർമാരായ ആർ. സതീഷ്കുമാർ, ആർ. ഗീതാഗോപാൽ, എസ്. സഫീറാബീഗം, എസ്. ഉണ്ണിക്യഷ്ണൻ, സിമിജ്യോതിഷ്, നഗരസഭാ സെക്രട്ടറി എൽ.എസ്. ദീപ, ഹെൽത്ത് സൂപ്പർവൈസർ പി. ധർമ്മപാലൻ എന്നിവർ പ്രസംഗിച്ചു. മാര്യേജ് രജിസ്ട്രേഷൻ ചുമതല വഹിക്കുന്ന സബ് രജിസ്ട്രാർ പത്മകുമാർ നന്ദി പറഞ്ഞു.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
വിവാഹ രജിസ്ട്രേഷൻ - ഓൺലൈൻ കിയോസ്ക്

കല്യാണ ദിനംതന്നെ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ദമ്പതികൾ മേയറിൽ നിന്ന് ഏറ്റുവാങ്ങുന്നു

ശനിയും ഞായറും കുടിവെള്ളമില്ല

തിരുവനന്തപുരം: അരുവിക്കര 72 എം.എൽ.ഡി ജലശുദ്ധീകരണശാലയിൽ പണി നടക്കുന്നതിനാൽ 9 ന് രാവിലെ 10 മുതൽ 10 ന് രാത്രി 10 വരെ വെള്ളയമ്പലം, ശാസ്തമംഗലം, വഴുതയ്ക്കാട്, തൈക്കാട്, പാളയം, വലിയശാല, തമ്പാനൂർ, സ്റ്റാച്യൂ, ആയുർവേദ കോളേജ്, പട്ടം, പ്ലാമൂട്, മുറിഞ്ഞപാലം, കുമാരപുരം, വഞ്ചിയൂർ, പേട്ട, ചാക്ക, പാറ്റൂർ, കരിക്കകം, ബേക്കറി ജംഗ്ഷൻ, പുളിമൂട്, ശംഖുമുഖം, വേളി, പൗണ്ടുകടവ്, ഒരു വാതിൽക്കോട്ട, ആനയറ എന്നിവിടങ്ങളിൽ ജലവിതരണം മുടങ്ങുമെന്ന് വാട്ടർ അതോറിട്ടി പബ്ലിക് ഹെൽത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ചു.

ഓഖി : കർഷകർക്കുള്ള സഹായം ഉടൻ

തിരുവനന്തപുരം: ഓഖി ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ മിനി കെ. രാജൻ അറിയിച്ചു,

വാഴക്കൃഷിയാണ് പ്രധാനമായും നശിച്ചത്. ഏകദേശം 565.82 ഹെക്ടറിലായി 21.26 കോടിരൂപയുടെ നഷ്ടമുണ്ടായതായാണ് പ്രാഥമിക വിലയിരുത്തൽ. പാറശാല. നെയ്യാറ്റിൻകര, ആര്യങ്കോട്, പള്ളിച്ചൽ, കാട്ടാക്കട തുടങ്ങിയ ബ്ലോക്കുകളിലാണ് വ്യാപകമായ കൃഷിനാശം ഉണ്ടായത്.

ഇതുവരെയും അപേക്ഷ നൽകാത്ത കർഷകർ അടിയന്തരമായി അതത് കൃഷി ഭവനുകളിൽ അപേക്ഷകൾ എത്തിക്കണം. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ അർഹരായവരുടെ അക്കൗണ്ടുകളിലേക്ക് സഹായം എത്തിക്കും. വിള ഇൻഷ്വറൻസ് ചെയ്തിട്ടുള്ള കർഷകർക്ക് ഈ മാസം 12ന് മുമ്പായി ആനുകൂല്യം ലഭ്യമാക്കുമെന്നും അവർ അറിയിച്ചു.

കാറും ബൈക്കും കൂട്ടിയിടിച്ച് യുവാക്കൾക്ക് പരിക്ക്

ബാലരാമപുരം: കരമന-കളിയിക്കാവിള ദേശീയപാതയിൽ കാറും ബൈക്കും കൂട്ടിയിടിച്ച് യുവാക്കൾക്ക് പരിക്കേറ്റു. ഇന്നലെ രാവിലെ 7 ഓടെ പള്ളിച്ചൽ ഫാർമേഴ്സ് സർവീസ് സഹകരണബാങ്കിന് സമീപത്തായിരുന്നു അപകടം.

ഭഗവതിനട കാർത്തികയിൽ രാജേഷ്(19), ഭഗവതിനട മഞ്ചാടി വീട്ടിൽ ആനന്ദ്(19) എന്നിവർക്കാണ് പരിക്കേറ്റത്. ബാങ്കിന് സമീപത്തെ ഇടറോഡിലൂടെ കടന്നുപോകവെ യുവാക്കൾ സഞ്ചരിച്ചിരുന്ന ബൈക്ക് കാറുമായി കൂട്ടിയിടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ റോഡിൽ തെറിച്ചുവീണ ആനന്ദിന്റെ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റു. ഇരുവരും മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. സംഭവം നടന്ന് അരമണിക്കൂർ കഴിഞ്ഞാണ് യുവാക്കളെ ആംബുലൻസിൽ മെഡിക്കൽ കോളേജിലെത്തിച്ചത്. ആനന്ദാണ് ബൈക്ക് ഓടിച്ചിരുന്നത്. രാജേഷിന്റെ പരിക്ക് ഗുരുതരമല്ല.

തൈക്കാട് ഗണേശത്തിൽ നടന്ന സൂര്യ ഫെസ്റ്റിവലിൽ നായർ സിസ്റ്റേഴ്സ് വീണ, ധന്യ എന്നിവർ അവതരിപ്പിച്ച മോഹിനിയാട്ടം ഭരതനാട്യം

പായസം ലഭിക്കും

തിരുവനന്തപുരം: പദ്മനാഭ സ്വാമി ക്ഷേത്രത്തിലെ കിഴക്കേ നടയിലേയും തിരുവമ്പാടി നടയിലേയും കൗണ്ടറുകളിൽ നിന്ന് ഈ മാസം 10 മുതൽ പായസവും ഉണ്ണിയപ്പവും ലഭിക്കും. നേരത്തെ ഇവ ബുക്ക് ചെയ്യേണ്ടിയിരുന്നു. പായസത്തിന് 50 രൂപയും ഉണ്ണിയപ്പം പായ്ക്കിന് 30 രൂപയുമാണ് വില.

സഹായം നൽകി

തിരുവനന്തപുരം: കടൽക്ഷോഭത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾക്ക് 5000 രൂപ വീതം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് നൽകി. മരണപ്പെട്ടവരുടെ കുടുംബത്തിന് 10000 രൂപ വീതവും നൽകി. ചെയർമാൻ പി.പി. ചിത്തരഞ്ജൻ, കമ്മിഷണർ സൈറാബാനു, മെമ്പർ പുല്ലുവിള സ്റ്റാൻലി തുടങ്ങിയവരാണ് തുക നൽകിയത്.

കൂടുതൽ പ്രാദേശിക വാർത്തകൾ
പേജ് 9, 14, 15

ബിഗ് ഓഫറുമായി
തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ
ബ്രാന്റഡ് & എക്സ്പോർട്ട് സർപ്ലസ് സെയിൽ

ദിവസേന ജോലിക്ക് പോകുന്നവരേയും യുവാക്കളേയും ആകർഷിക്കുന്ന ഓഫറുമായി തിരുവനന്തപുരം പാളയത്ത് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഹാളിൽ ആരംഭിച്ച ബ്രാന്റഡ് & എക്സ്പോർട്ട് സർപ്ലസ് സ്റ്റോക്ക് ക്ലിയറൻസ് സെയിൽ **999 രൂപയ്ക്ക് 4ഷർട്ട് അല്ലെങ്കിൽ 3 പാന്റ്** എന്ന വമ്പൻ ഓഫറുമായി ജനമനസ്സുകളിൽ ഇടം നേടിക്കഴിഞ്ഞു. വിവിധ ബ്രാൻഡുകളിലുള്ള നിരവധി വസ്ത്രങ്ങൾ ഡിസ്പ്ലേ ചെയ്തിരിക്കുന്നു. യുവാക്കൾക്കായി ജീൻസുകളുടെ ഒരു വൻശേഖരം തന്നെ ഒരുക്കിയിട്ടുണ്ട്. 50000ത്തിൽപ്പരം വെറൈറ്റികളിൽ പാന്റുകൾ, ഷർട്ടുകൾ, ടീഷർട്ടുകൾ, ലോവർ, ത്രീഫോർത്ത് ചുരിദാറുകൾ, രാജസ്ഥാനി കുർത്തി, ലഗ്ഗിൻസ്, കാപ്രി തുടങ്ങിയവ ലഭിക്കുന്നു. ബ്രാന്റഡ് & എക്സ്പോർട്ട് സർപ്ലസ് സ്റ്റോക്ക് ക്ലിയറൻസ് സെയിൽ എല്ലാ ദിവസവും രാവിലെ 10 മുതൽ രാത്രി 10 വരെയാണ്. പ്രവേശനം സൗജന്യമാണ്. ദിവസേന ജോലിക്ക് പോകുന്നവർക്ക് ചുരുങ്ങിയ ചിലവിൽ പർച്ചേസ് ചെയ്യാനുള്ള അവസരമാണിതെന്ന് സംഘാടകർ അറിയിച്ചു. പരസ്യം